(എ) ട്രോളിംഗ് നിരോധിക്കുന്നതു സംബന്ധിച്ച് നിയമിച്ച കമ്മിറ്റികളുടെ റിപ്പോർട്ടിൽ സംസ്ഥാനത്തെ കടൽത്തീരത്ത് മത്സ്യബന്ധനത്തിലേർപ്പെട്ടിട്ടുള്ള ബോട്ടുകളുടേയും വള്ളങ്ങളുടേയും എണ്ണം എത്രയായി നിജപ്പെടുത്തണമെന്നാണ് പറഞ്ഞിട്ടുള്ളത്;

(ബി) ഇപ്പോൾ സംസ്ഥാനത്തെ കടലിൽ എത്ര മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുണ്ട്;

(സി) ഇവയുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് കടലിലെ മത്സ്യത്തിന്റെ അളവിനെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ട്രോളിംഗ് നിരോധിക്കുന്നത് സംബന്ധിച്ച് നിയമിച്ച കമ്മിറ്റികളിൽ 1985-ലെ കലാവർ കമ്മിറ്റി യന്ത്രവൽകൃത ട്രോളിംഗ് ബോട്ടുകളുടെ എണ്ണം 1,145 ആയി നിജപ്പെടുത്താനും എൻജിൻ ഘടിപ്പിച്ച വള്ളങ്ങളുടെ എണ്ണം 2,200-നും 2,700-നും ഇടയിൽ പരിമിതപ്പെടുത്താനും ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) 28,456 നാടൻ വള്ളങ്ങളും 17,363 എൻജിൻ ഘടിപ്പിച്ച വള്ളങ്ങളും 4,206 യന്ത്രവൽകൃത ബോട്ടുകളും മത്സ്യബന്ധനത്തിലേർപ്പെടുന്നുണ്ട്.

(സി) കടലിലെ മത്സ്യത്തിന്റെ അളവിനെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്നതിനെ സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്കുള്ള സഹായങ്ങൾ

113 [2723] പ്രൊഫ. കെ. വി. തോമസ്:
,, സാവിത്രി ലക്ഷ്മണൻ:
ശ്രീ. പി. ടി. തോമസ്:
,, ടി. യു. രാധാകൃഷ്ണൻ:
.. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യബന്ധനത്തിലും അനുബന്ധ തൊഴിലിലും ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും തൊഴിലാളിക്ക് ട്രോളിംഗ് നിരോധന കാലത്ത് തൊഴിലില്ലാതെ വരുമോ;

(ബി) എങ്കിൽ എത്ര പേർക്ക് തൊഴിലില്ലാതെ വരുമെന്നും ഇവരെ ആശ്രയിച്ചു കഴിയുന്ന എത്ര പേരുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ട്രോളിംഗ് നിരോധന കാലത്ത് ഇവർക്കുള്ള വരുമാന മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ഡി) ഈ കാലത്ത് ഇവരുടെ ജീവിതാവശ്യത്തിനായി എന്തെല്ലാം സഹായങ്ങൾ സർക്കാർ ചെയ്യുന്നുണ്ട്;

(ഇ) ഇവർക്ക് സൗജന്യ റേഷൻ കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മത്സ്യബന്ധന ബോട്ടുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും അനുബന്ധ തൊഴിലിലേർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കും ട്രോളിംഗ്

LIBRARY ARCHIVES Kerala Legislative Assembly

നിരോധന കാലത്ത് തൊഴിലിലേർപ്പെടാനാവാത്ത അവസ്ഥ വരുന്നുണ്ട്. എന്നാൽ ബോട്ടിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ നല്ലൊരു സംഖ്യ യന്ത്രവൽകൃത വള്ളങ്ങളിൽ ഈ കാലയളവിൽ മത്സ്യബന്ധനത്തിന് പോവുന്നുണ്ട്.

(ബി) ഉദ്ദേശം 50,000 ത്തോളം തൊഴിലാളികൾക്ക് തൊഴിലില്ലാതെ വരുമെന്നു കണക്കാക്കുന്നു. ഇവരെ ആശ്രയിച്ചു കഴിയുന്ന ഏകദേശം ഒന്നര ലക്ഷം പേരുണ്ട്.

(സി) ട്രോളിംഗ് നിരോധന കാലത്ത് ഇവർക്ക് പൊതുവെ വരുമാനം കുറവാണ്. സ്വയംതൊഴിലുറപ്പെടെയുള്ള വിവിധ ക്ഷേമ പദ്ധതികളും വിവിധ ഏജൻസികൾവഴി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കുന്നതും ട്രോളിംഗ് നിരോധന കാലത്ത് പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം 600 രൂപ അടയ്ക്കുന്നവർക്ക് കേന്ദ്ര വിഹിതം ഉൾപ്പെടെ 1,200 രൂപ ഈ സമയത്ത് വിതരണം ചെയ്യുന്നുണ്ട്.

(ഇ) ട്രോളിംഗ് സമയത്ത് സൗജന്യ റേഷൻ നൽകുവാനുള്ള നടപടി ഇപ്പോൾ നിലവിലില്ല.

മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ

114 [2724] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷക്കാലങ്ങളിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് അസൗകര്യമായതിനാൽ ഇവർക്ക് ഈ കാലത്ത് സൗജന്യ റേഷൻ അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ, ബി) ഇല്ല. എന്നാൽ സാഹചര്യങ്ങളുടെ സ്വഭാവമനുസരിച്ച് അടിയന്തിര ഘട്ടങ്ങളിൽ സൗജന്യ റേഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ റവന്യൂ വകുപ്പ് മുഖേന നൽകാറുണ്ട്.

മൽസ്യ മേഖലാ വികസന നയം

115 [2725] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിസ്ഥിതി പരിപാലനത്തിനും മത്സ്യമേഖലാ വിഭവ സംരക്ഷണത്തിനും മുൻതൂക്കം നൽകുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ ഒരു മത്സ്യമേഖലാ വികസന നയം ആവിഷ്കരിക്കുകയുണ്ടായോ;

(ബി) എങ്കിൽ അവ നടപ്പിലാക്കുകയുണ്ടായോയെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly